എറണാകുളം ററി. ബി.

* ൭൪൨. (൨൯) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി സദയം മറുപടി പറയുമോ.—

(എ) എറണാകുളം ററി. ബി. യിൽ താമസസൗകര്യം വളരെ കുറവാണെന്നും എല്ലായ്പ്പോഴും വളരെ ക്രൗഡാണ് എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാസാന്തരം വാടക വകയിൽ ഫർണ്ണർ, ഫർണിഷിംഗ്, എന്നീ കൊല്ലങ്ങളിൽ എത്ര തുക പിരിഞ്ഞുകിട്ടുണ്ട്;

(സി) മേല്പറഞ്ഞ കാലങ്ങളിൽ ററി. ബി. യിൽ മെയിൻറനൻസ് വകയ്ക്ക് എത്ര ചിലവു വന്നിട്ടുണ്ട്?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്):

(എ) ഉണ്ട്.

(ബി) ഫർണ്ണർ—ൽ ഫർണ്ണർ വഴി രൂപാ വരുമാനം. ഫർണിഷിംഗ് പ്രകാരം മെമ്പർവരെ ഫർണ്ണർ വഴി രൂപാ വരുമാനം.

(സി) ഫ്ലാർ—ൽ, ചിലവു രൂപാ. ഫ്ലാറ്റ്—ൽ, ആദ്യത്തെ ഏഴരമാസത്തേക്ക് ഫർണിഷിംഗ് ഫ, ൧൦൦ രൂപാ.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: അവിടെ കൂടുതൽ താമസസൗകര്യം ഉണ്ടാക്കുന്ന കാര്യത്തെപ്പററി ഗവണ്മെണ്ടു ശ്രദ്ധിക്കുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: നിശ്ചയമായും ശ്രദ്ധിക്കാം. അക്കാര്യത്തെപ്പററി ഇപ്പോൾ ഗവണ്മെണ്ടു ആലോചിക്കുകയാണ്. അതിൻെറ ആവശ്യകത ഗവണ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അവിടത്തെ മെയിൻറനൻസു ചെലവു കൂടുതലാണെന്ന കാര്യം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ശരിയായി മെയിൻറനൻസു നടക്കണമെങ്കിൽ ചെലവു കൂടിയിരിക്കും.

വ്യയസങ്കോചനം

* ൭൪൩. (൨൨) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) എക്സൈസു ഡിപ്പാർട്ടുമെൻറിൽ റിട്രെഞ്ചുമെൻറു വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തെ ഓരോ വിഭാഗത്തിൽനിന്നും എത്രപേരെവീതം പിരിച്ചുവിട്ടു?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ):

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ വിഭാഗത്തുനിന്നും രണ്ടു അക്കിംഗ് ഓഫീസർമാരേയും, ഫർണ്ണർ അക്കിംഗ് ക്ലാർക്കുമാരെയും, കൊച്ചി വിഭാഗത്തുനിന്നു ഫുട്പൺസിനേയും പിരിച്ചുവിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ദേവകിഗോപിദാസ്: ഇങ്ങനെ പിരിച്ചുവിട്ടവരെ വേറെ എവിടെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കണ്ണൂരാമൻ: എത്രാനുംപേരെ നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ കാര്യത്തെപ്പറ്റി ആലോചിക്കുവാനും അവരെ നിയമിക്കുവാനും പബ്ലിക് സർവ്വീസ് കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പിരിച്ചുവിടപ്പെട്ടവരിൽ ഹരിജനങ്ങൾ എത്രയുണ്ട്?

ശ്രീ. എൻ. കണ്ണൂരാമൻ: അറിയാൻ പാടില്ല.

എക്സൈസ് ഡിപ്പാർട്ട്മെന്റ്

*൭൫൪. (൨൩) ശ്രീമതി ദേവകിഗോപിദാസ്. താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇപ്പോൾ ഈ ഗവൺമെന്റിന്റെ കീഴിലാണോ, അതോ സെൻട്രൽ ഗവൺമെന്റിന്റെ കീഴിലോ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ): സ്റ്റേറ്റ് എക്സൈസ് ഡിപ്പാർട്ട്മെന്റ് ഇപ്പോൾ സ്റ്റേറ്റ് ഗവൺമെന്റിന്റെ കീഴിലാണ്.

എക്സൈസ് ഡിപ്പാർട്ട്മെന്റിലെ വരവ്

*൭൫൫. (൨൪) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ —

(എ) ൧൯൫൫-ലെ എക്സൈസ് ഡിപ്പാർട്ട്മെന്റിലെ വരവ് എത്ര;

(ബി) അതിൽ എത്ര ശതമാനം തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിനു കിട്ടും?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ കണ്ണൂരാമൻ):

(എ) ൨,൭൫,൦൦,൭൫൩ രൂപാ.

(ബി) ൧൯൫൫-ലെ തുക മുഴുവൻ തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിന്റെ വകയാണ്.

ശ്രീമതി ദേവകി ഗോപിദാസ്: ഇക്കൊല്ലത്തെ തുക മുഴുവനും ഈ ഗവൺമെന്റിനുള്ളതാണോ?

ശ്രീ. എൻ. കണ്ണൂരാമൻ: അതിൽ കൂടുതൽ ഇനങ്ങളിലുള്ള തുകയും തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിനുള്ളതുതന്നെയാണ്. അവിൻ, ഗഞ്ചാ, ചാരായം, കള്ള് മുതലായവ ലേലംചെയ്തു കിട്ടുന്ന തുക മുഴുവൻ ഈ ഗവൺമെന്റിനുള്ളതാണ്.

STATE TRANSPORT

*756. [25] **Sri. N. V. Chacko:** Will the Hon'ble Minister for Public Works be pleased to state:—

(*a*) the amount of net profit to the Government from the State Transport for 1124 and 1125;

LIBRARY ARCHIVES Kerala Legislative Assembly